**പത്രക്കുറിപ്പ്**
**9-10-2017**

## കെ.എസ്.എഫ്.ഇ പൊന്നോണ ചിട്ടി: വരിക്കാർക്ക് സമ്മാനമായി നൽകാൻ കുടുംബശ്രീ നിർമിച്ച കുടകൾ

തിരുവനന്തപുരം: കെ.എസ്.എഫ്.ഇ പൊന്നോണ ചിട്ടികളിൽ ചേർന്നവർക്ക് സമ്മാനം നൽകാനുള്ള കുടകൾ നിർമിച്ചു നൽകിയത് കുടുംബശ്രീ വനിതകൾ. ഇതിനായി 6000 കുടകൾ നിർമിച്ചു നൽകിയത് തൃശൂർ ജില്ലയിലെ കുടുംബശ്രീ വനിതകളാണ്. ആകെ പതിനാലു ലക്ഷം രൂപയുടെ ഓർഡറാണ് കുടുംബശ്രീക്ക് ലഭിച്ചത്.

ആഗസ്റ്റിലാണ് കുടകൾ നിർമിച്ചു നൽകാനുള്ള ടെൻഡർ വിളിച്ചത്. ഇതു പ്രകാരം തൃശൂർ കുടുംബശ്രീ ജില്ലാമിഷൻ കെ.എസ്.എഫ്.ഇയ്ക്ക് കുടകൾ നിർമിച്ചു നൽകാം എന്നേറ്റു. തുടർന്ന് സെപ്റ്റംബർ പതിനാലിന് ജില്ലയിലെ നെൽമണിക്കരയിലെ ഫ്രണ്ട്സ് വേലൂക്കരയിലെ നൈസ് വാടാനപ്പള്ളിയിലെ ജീവ ചിറ്റിശേരിയിലെ കൃപ എന്നീ യുണിറ്റുകളെ കുട നിർമിക്കാൻ ഏൽപിക്കുകയായിരുന്നു. നാലു യൂണിറ്റുകൾക്കും രണ്ടു ലക്ഷം രൂപ വീതം കുടുംബശ്രീ ജില്ലാ മിഷൻ നൽകിയ ക്രൈസിസ് മാനേജ് ഫണ്ടും യൂണിറ്റ് അംഗങ്ങളുടെ മുതൽ മുടക്കും ചേർത്ത് ജില്ലയിലെ തന്നെ മൊത്ത വിതരണ സ്ഥാപനത്തിൽ നിന്നാണ് കുട നിർമാണത്തിനുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങിയത്. നാലു യൂണിറ്റുകളിൽ നിന്നായി പത്തൊൻപതു വനിതകൾ പുലർച്ചെ മൂന്നു മണി മുതൽ രാത്രി പന്ത്രണ്ടു വരെ ജോലി ചെയ്തതോടെ പത്തു ദിവസം കൊണ്ട് മുഴുവൻ കുട നിർമാണവും പൂർത്തിയായി. തുടർന്ന് കെ.എസ്.എഫ്.ഇയുടെ തൊടുപുഴ കട്ടപ്പന എറണാകുളം കേന്ദ്രങ്ങളിൽ കരാർ പ്രകാരമുള്ള മുഴുവൻ കുടകളും നൽകി.
വിവിധ സർക്കാർ വകുപ്പുകളിൽ നിന്നും കുടുംബശ്രീ യൂണിറ്റുകൾക്ക് കുട നിർമിച്ചു കൊടുക്കാനുള്ള കരാർ ലഭിച്ചിട്ടുണ്ടെങ്കിലും ഇത്രയും വലിയ ഓർഡർ ലഭിക്കുന്നത് ആദ്യമായാണ്. മികച്ച ഗുണനിലവാരത്തിൽ സമയബന്ധിതമായി കുടുകൾ നിർമിച്ചു നൽകിയതു വഴി വരും വർഷങ്ങളിൽ കെ.എസ്.എഫ്.ഇയിൽ നിന്നും കുട നിർമാണത്തിനായി കൂടുതൽ ഓർഡർ ലഭിക്കുമെന്നാണ് പ്രതീക്ഷ.

**എക്സിക്യൂട്ടീവ് ഡയറക്ടർ**

**കുടുംബശ്രീ**